ആറൻമുളയിൽ എം. ജി. യൂണിവേഴ്സിറ്റിയുടെ കൾച്ചറൽ സെന്റർ

(488) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്ക്കാരിക കേന്ദ്രമായ ആറൻമുളയിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിൽ ഒരു കൾച്ചറൽ സ്റ്റഡി സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇതു സംബന്ധിച്ച് ഗവൺമെന്റിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) ആറൻമുളയുടെ ചരിത്ര പ്രാധാന്യം കണക്കിലെടുത്ത് കൾച്ചറൽ സ്റ്റഡി സെന്റർ ആരംഭിക്കുന്നതിനു യൂണിവേഴ്സിറ്റി നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) നടപടി സ്വീകരിച്ചു വരികയാണെന്ന് യൂണിവേഴ്സിറ്റി അറിയിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

ചേർപ്പിൽ കോളേജ് ആരംഭിക്കുവാൻ നടപടി

(490) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യായന വർഷത്തിൽ പുതിയ കോളേജുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉന്നത വിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ കോളേജ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണിക്കുന്നില്ല.

മൊകേരി ഗവൺമെന്റ് കോളേജിലെ കോഴ്സുകൾ

(491) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ മൊകേരി ഗവൺമെന്റ് കോളേജിൽ നിലവിലുള്ള ബിരുദ-ബിരുദാനന്തര കോഴ്സുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോളേജ് അധികൃതരിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത അപേക്ഷ പരിഗണിച്ച് പുതിയ കോഴ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ബി. എ. ഹിസ്റ്ററി വിത്ത് പൊളിറ്റിക്കൽ സയൻസ് ആന്റ് ജനറൽ എക്കണോമിക്സ്. ബി. എ. ഫങ്ഷണൽ ഇംഗ്ലീഷ് വിത്ത് ജേർണലിസം ആന്റ് ടൂറിസം, ബി. എസ്.സി. മാത്തമറ്റിക്സ് വിത്ത് സ്റ്റാറ്റിസ്റ്റിക്സ് ആന്റ് മാത്തമാറ്റിക്കൽ എക്കണോമിക്സ്, ബി.ബി.എസ്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) സർവ്വകലാശാലയുടെ ശുപാർശ ലഭിച്ചാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

എൻട്രൻസ് പരീക്ഷയുടെ ഉത്തര സൂചികയിലെ തെറ്റുകൾ

(492) ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-2001-ലെ എൻജിനീയറിംഗ് മെഡിക്കൽ എൻട്രൻസ് പരീക്ഷയുടെ ഉത്തര സൂചിക എത്ര പ്രാവശ്യം പ്രസിദ്ധീകരിച്ചു ;

(ബി) ആദ്യം പ്രസിദ്ധീകരിച്ച ഉത്തര സൂചികയിൽ എത്ര തെറ്റുണ്ടായിരുന്നു എന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ തെറ്റു വരുത്തിയവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു ; ഒരു നടപടിയും സ്വീകരിച്ചില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) രണ്ടാമത് പ്രസിദ്ധീകരിച്ച ഉത്തരസൂചികയിൽ എന്തെങ്കിലും തെറ്റുള്ളതായി ചൂണ്ടികാണിക്കപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) രണ്ട് പ്രാവശ്യം പ്രസിദ്ധീകരിച്ചു.

(ബി) ആദ്യം ഉത്തര സൂചിക പ്രസിദ്ധപ്പെടുത്തിയപ്പോൾ വിവിധ വെർഷനുകളിലുള്ള ചോദ്യങ്ങളുടെ ഉത്തരങ്ങൾ അതാതു വെർഷനുകളുടെ സൂചികയ്ക്കായി തയ്യാറാക്കുമ്പോൾ മാറിപ്പോകുകയാണുണ്ടായത്.

(സി) ഒരു നടപടിയും സ്വീകരിച്ചില്ല. മനഃപൂർവ്വമായി വരുത്തിയ തെറ്റല്ലെന്ന് ബോധ്യപ്പെട്ടതിനാലാണ് നടപടി ഒന്നും സ്വീകരിക്കാത്തത്.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly